സാഹിത്യവാരഫലം

2002/06/07 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2002/06/07-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.



ഐസക്ക് ബാബിൽ

റഷ്യയിലെ ഉജ്ജ്വല പ്രതിഭാശാലികൾക്ക് സദൃശ്യനായി സാഹിത്യനിരൂപകർ ഐസക്ക് ബാബിലിനെ കാണുന്നു. (Isaac Babel 1894–1940) അതിസുന്ദരങ്ങളായ ചെറുകഥകളുടെ രചയിതാവെന്ന നിലയിൽ ഈ ശതാബ്ദത്തിലും അദ്ദേഹം ആദരിക്കപ്പെടുന്നു. 1937-ലാണ് ബാബിലിനെ സോവിയറ്റ് സർക്കാർ അറസ്റ്റ് ചെയ്ത് തടങ്കൽപ്പാളത്തിലാക്കിയത്. സോവിയറ്റ് യൂണിയനിലെ രഹസ്യപ്പൊലീസിന്റെ തലവനായിരുന്ന ബെറിയയുടെ ഓഫീസിൽ വച്ചായിരുന്നു വിചാരണ. കോടതി 1940 ജനുവരി 26-ആം തീയതി കൂടി. പ്രധാനപ്പെട്ട പ്രാഡ്വിവാകൻ വിധി വായിച്ചു.

“In the name ot the Union of Soviet Republics the Military Tribunal of the Supreme Court has examined the case and established that Issac Babel was a member of anti-Soviet Trotskyist group an agent of the French and Austrian intelligence services linked to the wife of the enemy of the people Yezhov and was drawn into a conspiratorial terrorist organization. Having found Babel guilty, the Tribunal Sentences him to the highest penalty, to be shot”

അങ്ങനെ ഒരു ജീനിയസ്സിനെ 1940 ജനുവരി 27-ആം തീയതി അർദ്ധരാത്രി കഴിഞ്ഞ് 1.30-ന് വെടിവച്ചുകൊന്നു. അദ്ദേഹത്തിന്റെ കൂടെ പതിനഞ്ചുപേരെക്കൂടി വധിച്ചു. ലിസ്റ്റിൽ ആദ്യത്തെ പേര് ബാബിലിന്റേതായിരുന്നു (The KGB’S Literary Archive. The Harvill Press, London, See pp. 69 and 70).

ദി ഗ്രസ്സോ (Di Grasso) എന്നത് ബാബിലിന്റെ പ്രഖ്യാതമായ കഥയാണ്. ദി ഗ്രസ്സോ പാവപ്പെട്ട ആട്ടിടയനാണ്. അവൻ ഒരു കൃഷിക്കാരന്റെ മകളെ വിവാഹം ചെയ്യാനുള്ള തീരുമാനമായി. പക്ഷേ, അവൾ ജോവാന്നീ എന്നൊരു യുവാവിനു വേണ്ടി ഗ്രാസ്സോയെ വഞ്ചിച്ചു. അയാൾ പെൺകുട്ടിയോട് പറഞ്ഞു “പട്ടണത്തിൽ നിന്നുവന്ന ജോവാന്നീക്ക് കന്യാമറിയം എത്രവേണമെങ്കിലും സ്ത്രീകളെ കൊടുക്കും. പക്ഷേ, നിന്നെയല്ലാതെ എനിക്കാരെയും വേണ്ട. കന്യാമറിയത്തോടു ചോദിച്ചു നോക്കൂ. ഇതു തന്നെ ആ ദേവതയും പറയും.” പക്ഷേ, അവൾ വഴങ്ങിയില്ല. അവരെല്ലാം നാടകം കളിക്കുന്നവരാണ്. മൂന്നാമത്തെ അങ്കമായി. ജോവാന്നീ സുശക്തങ്ങളായ കാലുകൾ നീട്ടിയിരിക്കുകയാണ്. ക്ഷുരകൻ അയാളുടെ മുഖം ഷേവ് ചെയ്യുന്നു. ആട്ടിടയൻ ആദ്യം തലതാഴ്ത്തി. എന്നിട്ട് അതുയർത്തി. ആട്ടിടയനായി അഭിനയിക്കുന്ന ദി ഗ്രസ്സോ ആദ്യം ചിന്താധീനനായി. എന്നിട്ട് പുഞ്ചിരി പൊഴിച്ച് അന്തരീക്ഷത്തിലേക്കു ഉയർന്നു. നാടകവേദിയിലൂടെ ഒഴുകി ജോവാന്നീയുടെ തോളുകൾക്കിടയിൽ അമർന്നു. എന്നിട്ട് അയാളുടെ കഴുത്തു കടിച്ചുമുറിച്ചു. ശബ്ദത്തോടെ ജോവാന്നീയുടെ രക്തം കടിച്ച ആ മുറിവിൽ നിന്ന്. ജോവാന്നീ മരിച്ചു. ശബ്ദരഹിതമായി വീണ കേർട്ടൻ വധിക്കപ്പെട്ടവനെയും വധകർത്താവിനെയും മറച്ചുവച്ചു. കാലത്ത് വർത്തമാനപത്രത്തിൽ വാർത്ത വന്നു ആ ശതാബ്ദത്തിലെ ഏറ്റവും പ്രഗല്ഭനായ ട്രാജഡിയൻ ആക്ടറെ തലേദിവസത്തെ നാടകത്തിൽ പ്രേക്ഷകർ കണ്ടുവെന്ന്. ആളുകൾ ഇതറിഞ്ഞ് നാടകടിക്കറ്റിന്റെ വില അഞ്ചിരട്ടി കൊടുത്തുവാങ്ങിച്ചു. സുപ്രധാനമായ ഒരു കലാതത്ത്വമാണ് ബാബിൽ ഈ കഥയിലൂടെ പ്രകാശിപ്പിക്കുന്നതെന്ന് പല നിരൂപകരും പറയുന്നു. നാടകവേദിയിൽ ഒരു ജീവിതം. പ്രേക്ഷകരുടേതു മറ്റൊരു ജീവിതം. രണ്ടു ജീവിതങ്ങൾക്കും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നാണ് അദ്ദേഹം പരോക്ഷമായും പ്രത്യക്ഷമായും പറയുന്നത്. കല എത്ര പ്രാകൃതമായാലും അതു ജീവിതത്തെ വീണ്ടെടുക്കുന്നുവെന്ന്.

ഞാൻ ഇത്രയും എഴുതിയത് ബാബിലിന്റെ “1920 Diary” യുടെ ഇംഗ്ലീഷ് തർജ്ജമ 2002-ൽ പ്രസാധനം ചെയ്തിരിക്കുന്നു എന്നതിനാലാണ്. “Red Cavalry Diary” എന്ന പേരിലാണ് ഈ കുറിപ്പുകൾ അറിയപ്പെടുക. സിന്തിയ ഒസിക് എന്ന എഴുത്തുകാരി ഇതിനെക്കുറിച്ചു എഴുതിയത് ഇങ്ങനെ.

“An electrifying translation accompanied by an indispensible introduction... When all is said and done... and much is said and done in these bistering pages: pillaged churches, runied synagogues,wild Russians, beaten Poles, mud, horses, hunger, looting, shooting—Bable’s journey is a Jewish lamentation... A tragic masterwork”

പോളിഷ്–സോവിയറ്റ് യുദ്ധം നടക്കുന്ന കാലത്ത് പത്രലേഖകനായി സൈന്യത്തെ അനുഗമിച്ച ബാബിലിന്റെ അനുഭവങ്ങളാണ് ഈ ഡയറിയിലുള്ളത്. 1920-നും അതിനടുത്ത വർഷങ്ങളിലും അദ്ദേഹത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്ന സംഭവങ്ങളെ കലാകാരനെന്ന നിലയിൽ ആലേഖനം ചെയ്യുന്ന ഈ ഡയറി 1950-നോടു അടുത്ത കാലം വരെ കാണാനില്ലായിരുന്നു. ബാബിലിന്റെ ഭാര്യയുടെ കൈയിൽ കിട്ടി. പിന്നെയും മുപ്പതുവർഷം കഴിഞ്ഞിട്ടേ അത് അച്ചടിക്കാൻ കഴിഞ്ഞുള്ളൂ.

സെക്സ് വ്യവസായത്തിന്റെ അതിപ്രസരത്താൽ, അധിപ്രസരത്താൽ ബലാത്സംഗങ്ങൾ നടക്കുന്നു. കൂട്ടബലാത്സംഗങ്ങളും ഇതുകൊണ്ടാണ് സംഭവിക്കുക. സിനിമ, ടി.വി. ഇവയും സെക്സ് ഇൻഡസ്ട്രിയുടെ ഭാഗമായിത്തീർന്നിട്ടുണ്ട് കേരളത്തിൽ.

കവിയായ ബാബിലിനെ കാണാനാണ് വായനക്കാർക്കു കൗതുകമെങ്കിൽ ഈ വിശിഷ്ടമായ ഡയറി വായിക്കണം. പില്ക്കാലത്ത് അദ്ദേഹം രചിച്ച കമനീയങ്ങളായ കഥകളുടെ ബീജങ്ങൾ ദർശിക്കാനാണ് താൽപര്യമെങ്കിൽ രചയിതാവിന്റെ ആത്മാവ് കലയായി രൂപാന്തരപ്പെടുന്ന ഈ ഡയറി വായിക്കണം. ഒരു സ്ത്രീയെ ബാബിൽ വർണ്ണിക്കുന്നതു കണ്ടാലും. The wife is buxom, languid, roguish, a sensual young Jewess, married 5 months, doesn’t like her husband, but that’s all nonsense. I am the center of attention... She keeps glancing at me. asks my Surname. can’t keep her eyes off me, we drink tea, I’ m in an idiotic position, I stay quiet, limp, polite, say thank you for every move she makes (pp. 32). വിഷാദാത്മകത്വം സ്വീകരിച്ച ബാബിലിനെയും ഈ ഗ്രന്ഥത്തിൽ കാണാം. “Life is being destroyed. I am present in an endless funeral” എന്നു ബാബിൽ. എത്ര സാർത്ഥകമായ ഭാവി. ഇത്ര സിദ്ധികളുള്ള കലാകാരനെ സാധാരണ ക്രിമിനലിനെപ്പോലെ വെടിവച്ചുകൊന്നല്ലോ സർക്കാർ. മനുഷ്യനെ സ്നേഹിച്ച കലാകാരനായ ബാബിൽ ഈ ഡയറിയിൽ പ്രത്യക്ഷനാകുന്നു.

(ഡയറിയുടെ ആദ്യത്തെ 54 പുറങ്ങൾ നഷ്ടപ്പെട്ടുപോയി. 55-മത്തെ പുറം തൊട്ട്—1920 ജൂൺ 3-ആം തീയതി തൊട്ട്—തുടക്കം ഇടയ്ക്കു 21 പുറങ്ങൾ കാണാനില്ല. 1920 സെപ്റ്റംബർ 15-ആം തീയതിയിലെ കുറിപ്പോടെ അതു പൊടുന്നനെ അവസാനിക്കുന്നു.)

(1920 Diary, Issac Babel, Translated by H. T. Willetts, Yale Nota Ben. pp. 126, Price Rs 771.92.)

ചോദ്യം, ഉത്തരം

ചോദ്യം: ചില സ്ത്രീകൾ സ്ലീവിലെസ് ബ്ലൗസിട്ടു കക്ഷം കാണിക്കുന്നതെന്തിന്?

ഉത്തരം: കക്ഷത്തിലൂടെയാണ് അവർ പ്രസിദ്ധി നേടുന്നത്.

ചോദ്യം: ഇന്റലക്ച്വലിനെ എങ്ങനെ അറിയാം?

ഉത്തരം: ബസ്സ്, സ്റ്റോപ്പിൽ വന്നു നില്ക്കുമ്പോൾ മറ്റാളുകളോടുകൂടി അതിൽ കയറാതെ മാറിനില്ക്കുകയും അയാളെക്കൂടാതെ ബസ്സ് പോകുകയും ചെയ്യുമ്പോൾ ദുഃഖിക്കുന്നവനാരോ അവനാണ് ഇന്റലക്ച്വൽ.

ചോദ്യം: ഹിപ്പോക്രിറ്റ് ആര്?

ഉത്തരം: പിക്കാസ്സോയുടെ ചിത്രം കണ്ട് ഒന്നും മനസ്സിലാകാതെ ‘ഹാ ഇതിന്റെ കല കണ്ടു എനിക്കു രോമാഞ്ചമുണ്ടാകുന്നു എന്ന് പറയുന്നവൻ ഹിപ്പോക്രിറ്റ്.

ചോദ്യം: സ്ത്രീയുടെയും പുരുഷന്റെയും ആഗ്രഹങ്ങൾ ഏതുതരത്തിൽ?

ഉത്തരം: കഴിയുന്നതും വേഗത്തിൽ വിവാഹം കഴിക്കണം എന്ന അഭിലാഷം സ്ത്രീക്ക്. വിവാഹം കഴിഞ്ഞാൽ ഈ നരകത്തിൽ നിന്നു മോചനം നേടാൻ ഏതു മാർഗ്ഗം എന്ന ചിന്തയാണ് അവൾക്ക്. പുരുഷന്റെ ആഗ്രഹം വിവാഹം കഴിക്കാതിരിക്കാനാണ്. അബദ്ധത്തിൽ വിവാഹത്തിൽപ്പെട്ടു പോയാൽ മോചനത്തിന് എന്തു സാധ്യത എന്ന് അയാൾ ഓരോ നിമിഷവും ആലോചിക്കും. ദാമ്പത്യജീവിതം അധമമത്രേ. പക്ഷേ, അതില്ലാതെ ഒക്കുകയുമില്ല.

ചോദ്യം: അറുപതു വയസ്സായാൽ പ്രേമിക്കുന്നതു വിരോധാഭാസമല്ലേ?

ഉത്തരം: സംസ്കൃതകാരന്റെ മതമനുസരിച്ച് 60 വയസ്സ് വരെ യൗവ്വനമാണ്. അതുകൊണ്ട് അയാൾ ചുമ്മാ പ്രേമിക്കട്ടെ. പെണ്ണിന്റെ ബന്ധുക്കൾ അറിയാതിരുന്നാൽ മതി. അറിഞ്ഞാൽ വൈദ്യശാലയിൽപോയി മുഖത്തുപുരട്ടാൻ തൈലം വാങ്ങിക്കേണ്ടതായി വരും. വിരോധാഭാസം എന്ന ഇവിടത്തെ പ്രയോഗം തെറ്റ്.

ചോദ്യം: ഞാൻ വിവാഹം കഴിക്കാൻ പോകുന്ന പെണ്ണിന്റെ അച്ഛനമ്മമാരല്ലാതെ അവൾക്കു ബന്ധുക്കളില്ല. സഹോദരന്മാരോ സഹോദരികളോ ഇല്ല. ഞാൻ ഭാഗ്യമുള്ളവനല്ലേ?

ഉത്തരം: ഭാഗ്യമുള്ളവനല്ല നിങ്ങൾ. പെണ്ണിന്റെ അമ്മ ജീവിച്ചിരിക്കുന്നില്ലേ? അമ്മായിയമ്മ പുരുഷനുള്ളതിനേക്കാൾ ഭാഗ്യക്കേട് വേറെന്തുണ്ട്?

ചോദ്യം: ഫോട്ടോഗ്രഫി ഇഷ്ടമാണോ?

ഉത്തരം: അതേ എന്റെ ഏതു ഫോട്ടോയിലും എന്റെ ഛായയില്ല. എന്നെ presentable ആക്കുന്ന ഫോട്ടോഗ്രാഫറോടു ഞാൻ നന്ദിയുള്ളവനാണ്.

കഷണ്ടി

ചങ്ങമ്പുഴ

വടക്കൻപാട്ടിൽ വർണ്ണിച്ചിട്ടുള്ള ഒരു സുന്ദരിക്ക് ഒരു യുവാവുമായി ബന്ധമുണ്ടെന്നു സംശയിച്ച് അവളുടെ സഹോദരൻ മുറിയിലെത്തി. കാമുകനെ ഒളിപ്പിക്കാൻ മാർഗ്ഗമൊന്നും കാണാതെ അവൾ തലമുടി അഴിച്ചിട്ടു. കാമുകൻ അതിനുള്ളിൽ കയറി നിന്നു. സഹോദരൻ അയാളെ കാണാതെ തിരിച്ചുപോയി. ഇതു പണ്ടത്തെ കാലം. ഇന്ന് ഹ്രസ്വകേശവുമായി വധു കല്യാണമണ്ഡപത്തിൽ കയറുന്നുവെന്നാണ് ചങ്ങമ്പുഴയുടെ ഹാസ്യകാവ്യത്തിൽ കാണുന്നത്. നീണ്ടുചുരുണ്ട് ഇടതൂർന്ന യുവതിയുടെ മുടി കിടക്കുന്നതു കണ്ടാൽ പുരുഷന്മാർക്കു വല്ലാത്ത വികാരമുണ്ടാകും. ജി. ശങ്കരക്കുറുപ്പിന് ഈ വികാരമുണ്ടായതു കണ്ടാലും:

> “പാതിയുമെൻപേർ ഉന്നിത്തീർത്ത പട്ടുമാറാല്പ
> പായയിൽ കിടക്കവതെടുക്കവാൻ കനിയവേ
> ആതിഥേയിതൻ തിടുക്കത്തിനാൽ നീലക്കരിം-
> ചായർ കെട്ടഴിഞ്ഞൂർന്നിട്ടൊഴുകി തോളിൽക്കൂടി
> പുഞ്ചികരത്തെക്കൈയാൽപ്പിന്നിലേക്കാക്കിച്ചുണ്ടിൽ
> പുഞ്ചിരിയമർത്തിക്കൊണ്ടിളകം മിഴിയോടെ
> ഓമലാൾ നിവർന്നപ്പോൾ നിർദ്ദയസദാചാര
> ഭീമശാസനമെന്റെ കൈയുകൾ മറന്നുപോയ്.”

അൽഡസ് ഹക്സ്ലിയും നീളംകൂടിയ തലമുടിയുടെ മനോഹാരിത കണ്ടിട്ടുണ്ട്. അദ്ദേഹം പറയുന്നു:

Hair, hair. The longer, our fathers unanimously thought, the better. How the heart beat, as the loosened bun uncoiled its component tresses! And if the tresses fell to below the waist, what admiration, what a rush of concupiscence.



അൽഡസ് ഹക്സ്ലി

അപ്യൂലിസിന്റെ (Apuleius 124–170) The Golden Ass എന്ന വിശ്വവിഖ്യാതമായ കൃതിയിൽ സ്ത്രീയുടെ സൗന്ദര്യം തലമുടിയിലാണിരിക്കുന്നതെന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്! അതിലാർക്കെങ്കിലും സംശയമുണ്ടെങ്കിൽ സുന്ദരിയുടെ തലമുടി ഷേവ് ചെയ്തുകളഞ്ഞാൽ അതോടെ അവളുടെ സൗന്ദര്യവും ഇല്ലാതാകുമെന്ന്! അപ്യൂലിസ് പറയുന്നു. ഇതൊക്കെക്കൊണ്ടാവണം ഞാൻ പണ്ട് സ്ത്രീയുടെ നീളംകൂടിയ തലമുടിയെ വാഴ്ത്തിയപ്പോൾ ജി. ശങ്കരക്കുറുപ്പ് പുഞ്ചിരിച്ചുള്ളിൽ സൗഭാഗ്യം ആശംസിച്ച് എനിക്കു കത്തെഴുതിയത്.



അപ്യൂലിസ്

ഒരു റ്റി. ബി.യിൽ വ്യഭിചരിക്കാനെത്തിയ ഒരു സ്ത്രീയെ അറസ്റ്റ് ചെയ്ത് അവളുടെ നീളം കൂടിയ തലമുടി ഷേവ് ചെയ്യിച്ച പൊലീസ് ഇൻസ്പെക്ടർ മാത്രമല്ല, പ്രാചീനകാലത്തെ പുരോഹിതന്മാരും തലമുടി പുരുഷനെ ലൈംഗികമായി ചലനം കൊള്ളിക്കും എന്നറിഞ്ഞിരുന്നു. ആരാധനത്തിന് ചെല്ലുന്ന സ്ത്രീകൾ പള്ളിയിൽ പ്രവേശിക്കുന്നത് തലവഴി വസ്ത്രമിട്ടു വേണം എന്ന് അവർ അനുശാസിച്ചു. ഇന്നും ആ പ്രക്രിയ നടന്നുപോകുന്നുവെന്നാണ് എന്റെ ധാരണ.



ടോൾസ്റ്റോയ്

തലമുടിയുടെ ദൈർഘ്യവും മറ്റും ജനിപ്പിക്കുന്ന ആകർഷകത്വം എന്നെ സ്വാഭാവികമായി പുരുഷന്റെ കഷണ്ടിയിലേക്കു നയിക്കുന്നു. വിവാഹാലോചന നടക്കുമ്പോൾ ഭാവിവരൻ കഷണ്ടിയുള്ളവനാണെങ്കിൽ പെണ്ണ് ‘എനിക്ക് കഷണ്ടിക്കാരനെ വേണ്ട’ എന്നു പറയും; കരയും, ചിലപ്പോൾ നെഞ്ചിലിടിച്ചെന്നും വരും. ഇതു സത്യമാണെങ്കിലും സ്ത്രീകൾക്കു കഷണ്ടി അത്ര വെറുപ്പ് ഉണ്ടാക്കുമോ? സംശയമാണ്. സ്ത്രീഹൃദയത്തിന്റെ അഗാധതയോളം ചെന്ന് രഹസ്യങ്ങൾ മനസ്സിലാക്കിയ ടോൾസ്റ്റോയിയുടെ നായിക അന്ന കരേനിനയ്ക്കു ലേശം കഷണ്ടിയുള്ള ഭർത്താവാണുണ്ടായിരുന്നത്. അവളുടെ ജാരനായ പ്രോൺസ്കിക്കു നല്ല കഷണ്ടിയും. എന്നിട്ടും ജഗന്മോഹിനിയായ അന്ന അയാളെ സ്നേഹിച്ചു. അയാളിൽ നിന്നു ഗർഭം ധരിച്ചു. പ്രസവിക്കുകയും ചെയ്തു. സഹജാവബോധം കൊണ്ട് ടോൾസ്റ്റോയി ഗ്രഹിച്ചിരിക്കണം പുരുഷന്റെ കഷണ്ടി സ്ത്രീയെ ലൈംഗികമായി പിന്തിരിപ്പിക്കില്ലെന്ന്. സമ്പൂർണ്ണമായ കഷണ്ടിയുള്ള ഭരത് ഗോപിക്ക് പ്രേമലേഖനങ്ങൾ കിട്ടുന്നുണ്ടോ എന്നു ഞാൻ അന്വേഷിക്കട്ടെ.

ജി. ശങ്കരക്കുറുപ്പ്

ഞാനിത്രയും പൂർവ്വപീഠികയായി എഴുതിയത് ‘ന്യൂസ് വീക്കിലെ’ നർമ്മഭാസുരമായ ‘കഷണ്ടി’ എന്ന കഥ വായിച്ചതുകൊണ്ടാണ്. കഥയുടെ രചയിതാവ് ചന്ദ്രൻ പൂക്കാട്. കഥാകാരന്റെ ഹാസ്യം കഥാപ്രവാഹത്തിന്റെ കരകളെ കവിഞ്ഞൊഴുകുന്നില്ല. അത് അന്തർധാരയാണ്. പൊട്ടിച്ചിരിപ്പിക്കുന്ന ഹാസ്യം ‘ഈസ്തെറ്റിക് വാല്യൂ’ ഉള്ളതല്ല എന്ന ചന്ദ്രൻ മനസ്സിലാക്കിയിട്ടുണ്ട്. കടക്കണ്ണിൽ ലേശം പുഞ്ചിരിയോടെ അദ്ദേഹം കഷണ്ടിയെ നോക്കുന്നു. അത് ഹൃദ്യവുമായിരിക്കുന്നു.

ലൈംഗികവ്യവസായം

അമേരിക്കയിൽ പോയിട്ടുവന്ന കടമ്മനിട്ട രാമകൃഷ്ണൻ അവിടെ നടക്കുന്ന Sex industry-യെക്കുറിച്ച് എന്നോടു പറഞ്ഞു. അവയിൽ ഒന്നും തന്നെ അച്ചടിക്കാൻ കൊള്ളുകയില്ല. അടുത്തകാലത്ത് അമേരിക്കയിൽ ജോലി നോക്കുന്ന ഒരു മലയാളി എന്റെ വീട്ടിൽ വന്നു. അദ്ദേഹവും ആ വ്യവസായത്തിന്റെ സ്തോഭജനകങ്ങളായ വർണ്ണനങ്ങൾ എനിക്കു നല്കി. അതിൽ അച്ചടിക്കാവുന്നത് ഒരു സ്ഥലത്ത് എഴുതിവച്ച ഈ വാക്യമാണ്. “See and talk to a naked girl” പെൺകുട്ടി നഗ്നയായാൽ എന്ത്? സമ്പൂർണ്ണമായി വസ്ത്രധാരണം ചെയ്തു നിന്നാലെന്ത്? എന്നു ചോദിക്കുന്നത് എന്റെ എൺപതു വയസ്സിന്റെ നിസ്സംഗതയാലാവാം. നാലോ അഞ്ചോ ഡോളർ കൊടുത്തു മലയാളികൾ ആ നഗ്നത ആസ്വദിക്കുകയും അവളോടു സംസാരിച്ച് ആഹ്ലാദത്തിൽ വീഴുകയും ചെയ്യുന്നത് എന്നോടിതുവരെ പറഞ്ഞ ആൾ വിശദമാക്കി. സെക്സ് വ്യവസായത്തിന്റെ അതിപ്രസരത്താൽ, ബലാത്സംഗങ്ങൾ നടക്കുന്നു. കൂട്ടബലാത്സംഗങ്ങളും ഇതുകൊണ്ടാണ് സംഭവിക്കുക. സിനിമ, ടി. വി. ഇവയും സെക്സ് ഇൻഡസ്ട്രിയുടെ ഭാഗമായിത്തീർന്നിട്ടുണ്ട് കേരളത്തിൽ. പത്രങ്ങൾ ഈ വ്യവസായത്തിന് കൂട്ടുനില്ക്കുന്നുവെന്ന് ഞാൻ പറയുമ്പോൾ എഡിറ്റർമാർ എന്നോടു പിണങ്ങരുത്. ഇത് അപേക്ഷയാണ്. തുടകളും മുലകളും ചിത്രങ്ങളിലൂടെ കാണിക്കാത്ത ഒരു വർത്തമാനപത്രവും നമ്മുടെ നാട്ടിലില്ല. ഇത് പ്രായം കൂടിയവരെ സ്പർശിക്കാറില്ല. യുവാക്കന്മാരെ വല്ലാതെ സ്പർശിക്കും. അവർ റെയ്പ്പ് നടത്താൻ ഉദ്യുക്തരാവുന്നതുതന്നെ പത്രങ്ങളിൽ വരുന്ന ചിത്രങ്ങൾ കണ്ടിട്ടാണ്. ‘ലൂറിഡ്’യ (സ്തോഭജനകങ്ങളായ) ലൈംഗിക വർണ്ണനകൾ വായിച്ചിട്ടാണ്.

നമ്മുടെ ചെറുകഥാസാഹിത്യവും സെക്സ് വ്യവസായത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. മൈന ഉമൈബാൻ എഴുതിയ ‘കസുമക്കയുടെ കുസൃതികൾ’ എന്ന കഥ വായിക്കുക (ദേശാഭിമാനി വാരിക). കസുമക്ക രാത്രി അപ്രത്യക്ഷയാകുന്നതും അവളുടെ കറുത്ത ബ്രാ ചവറിനടിയിൽ കിടക്കുന്നതും മറ്റും വർണ്ണിച്ച് കഥയെഴുതിയ ആൾ സെക്സ് വ്യവസായത്തിന്റെ ആക്കം കൂട്ടുന്നു. കഴിഞ്ഞ ഒരു വർഷത്തിനകം ഇമ്മാതിരി കഥകൾ ഞാൻ വായിച്ചത് ഒന്നല്ല. നൂറല്ല. ആയിരമല്ല. ഒരുലക്ഷത്തിയമ്പതിനായിരമാണ്. എന്തിന് ഈ ആവർത്തനം? പുതുതായി പറയാനൊന്നുമില്ലെങ്കിൽ മിണ്ടാതിരുന്നുകൂടേ? ഒരു നല്ല വാരികയുടെ പുറങ്ങളെ എന്തിന് മലീമസമാക്കുന്നു? ഇത്തരം കഥകൾ വായനക്കാരുടെ ക്ഷുദ്രലൈംഗികവികാരങ്ങളെ തീക്ഷ്ണമാക്കുന്നു; ചിലർ വികാരശമനത്തിന് വേശ്യാത്വത്തെ പ്രോത്സാഹിപ്പിക്കുന്നു. മറ്റു ചിലർ ബലാത്സംഗം നടത്തുന്നു; എല്ലാവരും നമ്മുടെ സംസ്കാരത്തെ ജീർണ്ണിപ്പിക്കുന്നു.

പലതും പലതും

മൈത്രേയീദേവി

ഓട്ടോറിക്ഷ ഡ്രൈവറോടു ഒരിക്കലും സംസാരിക്കരുത്. സംസാരിച്ചാൽ ധനനഷ്ടം ഉണ്ടാകും. റോഡിന്റെ ശോചനീയാവസ്ഥയിൽ തുടങ്ങും ഡ്രൈവർ സംസാരം. അതു പൊലീസിന്റെ ഉപദ്രവത്തിലേക്കു നീളും. തിരുവനന്തപുരത്ത് ഓട്ടോറിക്ഷകൾ കൂടിപ്പോയതുകൊണ്ട് വരുമാനം കുറഞ്ഞുപോയിയെന്ന പരിവേദനം നടത്തും. എനിക്കതിന്റെ ട്രിക്ക് അറിയാമെന്നതിനാൽ മറുപടിയൊന്നും പറയുകയില്ല. നിശ്ശബ്ദനാണ് ഞാനെന്നു കണ്ടാൽ ഡ്രൈവർ വേറൊരു ട്രിക്കിലേക്കാവും പോവുക. “കൃഷ്ണൻ നായർ സാറല്ലേ. എനിക്കറിയാം. മലയാളനാട്ട് തൊട്ട് സാറിന്റെ വാരഫലം വായിക്കുന്നു. കലാകൗമുദിയിൽ ഏറെക്കാലമുണ്ടായിരുന്നു അത്. പിന്നീട് ഇപ്പോൾ മലയാളം വാരികയിലും. എല്ലാം ഒന്നാന്തരം. ഒന്നാന്തരം എന്നു കേട്ട് ഞാൻ ഓട്ടോറിക്ഷ എവിടെയിട്ടിരിക്കുന്നുവെന്നു ചോദിക്കുന്നു. ‘പേരൂർക്കടയിൽ’ എന്ന് ഉത്തരം. ഡ്രൈവറുടെ പേര് ചോദിക്കുന്നു ഞാൻ. ‘രാജൻ’ എന്ന് ഉത്തരം. (സകല ഓട്ടോറിക്ഷ ഡ്രൈവർമാരും രാജന്മാരാണ്. അതുകൊണ്ട് പരിചയമില്ലാത്തവനെയും നമുക്കു രാജൻ എന്നു വിളിക്കാം. ‘രാജൻ തിരുമല വരെ പോകണമല്ലോ’ എന്നു ഞാൻ പറഞ്ഞാൽ സ്വന്തം പേരു യാത്രക്കാരൻ മനസ്സിലാക്കിയാല്ലോ എന്നു വിചാരിച്ച് റിക്ഷ ഉടനെ സ്റ്റാർട്ടാക്കും അയാൾ) തുടർന്നു സംസാരത്തോടു സംസാരം തന്നെ. വീട്ടിന്റെ മുൻവശത്തു കൊണ്ടുവന്നു വാഹനം നിറുത്തുമ്പോൾ മീറ്ററിൽ 13 രൂപ 10 പൈസ. ‘എന്തു വേണം?’ എന്നു ചോദിക്കുമ്പോൾ ‘ഇരുപതു രൂപ’ എന്നു മറുപടി. സാഹിത്യവാരഫലത്തെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞയാളല്ലേ, പോട്ടെ ഏഴു രൂപ എന്നു വിചാരിച്ച് ഞാൻ ഇരുപതു രൂപ ഡ്രൈവർക്കു കൊടുക്കുന്നു. അയാൾ സ്നേഹപ്രകടനത്തോടെ തുറന്നു കിടക്കുന്ന ഇരുമ്പ് ഗെയ്റ്റ് ഒന്നുകൂടെ തുറന്നു തരുന്നു റിക്ഷയിൽ നിന്ന് ചാടിയിറങ്ങി. ഇത് കൂലി കൊടുക്കുന്നതിന്റെ ആധിക്യം. എനിക്കു പലപ്പോഴും സംഭവിക്കാറുണ്ട്. ഇപ്പോൾ ഞാൻ ഓട്ടോറിക്ഷ ഡ്രൈവറോടു സംസാരിക്കാറില്ല. സംസാരിച്ചാൽ പേഴ്സിന്റെ കനം വളരെക്കുറഞ്ഞു പോകും. ഞാൻ എന്റെ പെൺമക്കളോടും ഏർപ്പാടു ചെയ്തിട്ടുണ്ട്. റിക്ഷഡ്രൈവർ സംസാരിക്കാൻ തുടങ്ങിയാൽ മിണ്ടരുതെന്ന്. അതും ലംഘിച്ച് സാഹിത്യത്തിൽ താൽപര്യമുള്ള ഒരു മകൾ ഡ്രൈവറോടു സംസാരിച്ചു. അവൾക്കു വലിയ നഷ്ടം വന്നില്ല. 13 രൂപയ്ക്കു പകരം 25 രൂപ വാങ്ങിച്ചു അയാൾ. അവൾ റിക്ഷയിൽ കയറിയ ഉടനെ ഡ്രൈവറുടെ ചോദ്യം: “കൃഷ്ണൻ നായർ സാറിന്റെ മകളല്ലേ?” മകൾ “എങ്ങനെയറിയാം?” ഡ്രൈവർ. “സാറിനെ അറിയാത്തവർ ആരുണ്ട്?” തുടർന്നു സാഹിത്യവാരഫലത്തിലേക്കല്ല അതിന്റെ സൂക്ഷ്മാവംശത്തിലേക്കു ചെന്നു അയാൾ. മകൾക്ക് അദ്ഭുതം. എന്റെ വീട്ടുനടയിൽ വന്നപ്പോൾ മീറ്ററിൽ 13 രൂപ 25 രൂപ ചോദിച്ചു അയാൾ. അവൾ ആ സംഖ്യ കൊടുക്കുകയും ചെയ്തു. “അയാൾ നിന്നെപ്പറ്റിച്ചല്ലോ” എന്നു ഞാൻ പറഞ്ഞപ്പോൾ മകൾ പറഞ്ഞു: “പോട്ടെ, അച്ഛനെക്കുറിച്ച് നല്ല വാക്കു പറഞ്ഞ ആളല്ലേ?” “സിൻസിയറായി പറഞ്ഞതല്ല അയാൾ. നിന്റെ കയ്യിൽ നിന്ന് കൂടുതൽ പണം തട്ടിയെടുക്കാനായിരുന്നു അയാൾ ശ്രമിച്ചത്. അതിൽ അയാൾ ജയിക്കുകയും ചെയ്തു” എന്ന് ഞാൻ അറിയിച്ചു. മകളെ ഗുണപാഠം. ഓട്ടോറിക്ഷയിൽ കയറിയാൽ ഡ്രൈവറോടു ഒന്നും മിണ്ടരുത്. മിണ്ടിയാൽ ഭീമമായ നഷ്ടം വരും.

മൈത്രേയീദേവി എഴുതിയ “Tagore by Fireside” രസകരമായ പുസ്തകമാണ്. ഒരിക്കൽ റ്റാഗോർ കൽക്കട്ടയ്ക്കു പോകുകയായിരുന്നു. ദാഹമുണ്ടായപ്പോൾ അദ്ദേഹം ഒരു വില്പനക്കാരനിൽ നിന്ന് ലമണേഡ് വാങ്ങിക്കുടിച്ചു. തീവണ്ടി നീങ്ങാറായി. ലമണേഡിന്റെ വില നല്കാൻ റ്റാഗോർ ഉടുപ്പിന്റെ പല കീശകളിലും തപ്പി. ഒന്നും കിട്ടിയില്ല. അപ്പോൾ ആരോ അതു കൊടുത്തു. അതുകണ്ടു റ്റാഗോർ മൈത്രിയോടു പറഞ്ഞു:

“You see if something is wanted, one can pretendto hunt for coins in this pocket and that and then one’s companion especially if she is tender hearted like you, will once say—Don’t worry, don’t worry. I will pay. One is not worrying needless to say, but one can easily pretend to look helpless and pathetic and one can say” ‘No, no, why should you take the trouble? Why should you really... and in this way one can manage things comfortably’ എന്തൊരു അന്തസ്സുള്ള ഹാസ്യം. സംസ്കാര സമ്പന്നരുടെ ഹാസ്യം അവരുടെ സംസ്കാര സമ്പന്നതയെ കാണിക്കും.



എം. അച്യുതൻ

ഇതെഴുതുന്ന ആൾ എറണാകുളം മഹാരാജാസിൽ ജോലിയായിരുന്ന കാലത്ത് ലൂസിയ ഹോട്ടലിലായിരുന്നു താമസിച്ചത്. അവിടെ പല പടിഞ്ഞാറൻ ദേശക്കാരും വരും. ഒരു ദിവസം എനിക്കു സംസാരത്തിനു കിട്ടിയത് ഒരു സോവിയറ്റ് പൗരനെയാണ്. അയാളോടു ചോദിച്ചു ഞാൻ: “നിങ്ങളുടെ നാട്ടിലെ കമ്മ്യൂണിസമെങ്ങനെ?” ഈ ചോദ്യം കേട്ടയുടനെ അയാൾ ഭീതിയോടെ നാലുപാടും നോക്കി. കുറച്ചുനേരം മൗനം അവലംബിച്ചിട്ട് അയാൾ പറഞ്ഞു: “എനിക്ക് അതിനെക്കുറിച്ച് വിശേഷിച്ചൊന്നും പറയാനില്ല. എന്റെ സർക്കാർ ഞാൻ കൂടി ഉൾപ്പെട്ടതാണ്. ഞാൻ ആ ഗവൺമെന്റിനെ പ്രശംസിച്ചാൽ അത് ആത്മപ്രശംസയായി വരും. വിമർശിച്ചാൽ അത് എന്നെത്തന്നെ വിമർശിക്കുകയാവും. കാരണം ഞാൻ സോവിയറ്റ് ഗവൺമെന്റിന്റെ ഭാഗമാണ് എന്നതത്രേ”

ഡോ. എം. ലീലാവതി

ഒരിക്കൽ കുറേ സായ്പന്മാർ—റഷ്യയിലുള്ളവർ—ജി. ശങ്കരക്കുറുപ്പിനെ കാണാൻ ചെന്നു. അവരോട് ഇംഗ്ലീഷ് സംസാരിക്കാൻ ഞാൻ ചെല്ലണമെന്ന് എം. അച്യുതൻ പറഞ്ഞു. അദ്ദേഹം എവിടെയോ പോകുകയായിരുന്നു അന്ന്. എനിക്ക് ഒന്നും ഇംഗ്ലീഷിൽ പറയേണ്ടതായി വന്നില്ല. ലോകത്ത് ഒരു ക്രിട്ടിക്കേയുള്ളൂ. ഡോ. എം. ലീലാവതിയാണ് ആ ക്രിട്ടിക്ക് എന്നു വിശ്വസിച്ചിരുന്ന ശങ്കരക്കുറുപ്പ് ഞാൻ ആരാണെന്നുപോലും സായ്പന്മാരെ അറിയിച്ചില്ല. അദ്ദേഹം ഒന്നാന്തരം ഇംഗ്ലീഷിൽ സായ്പന്മാരോടു സംസാരിക്കുകയും ചെയ്തു. ചായ കൊണ്ടുവന്ന മഹാകവിയുടെ സഹധർമ്മിണി ഭാഗ്യം കൊണ്ട് എന്റെ നേർക്കും ഒരു കപ്പ ചായ നീട്ടി ശ്രീമതി. ഇത്രയും നന്ന്. നന്ന് അല്ലാത്തതു ഞാൻ പറയട്ടെ. വീട്ടിന്റെ ഭിത്തിയിൽ ലെനിന്റെ പടം ഫ്രെയിം ചെയ്തു വച്ചിരുന്നു. ശങ്കരക്കുറുപ്പ് ആ പടത്തെ ചൂണ്ടിക്കാണിച്ച് “My Guru” എന്നു റഷ്യക്കാരോടു പറഞ്ഞു. മഹാത്മാഗാന്ധിയുടെ പടത്തെ ചൂണ്ടിക്കൊണ്ട് കവി അങ്ങനെ പറഞ്ഞിരുന്നെങ്കിൽ ആഗതർ അദ്ദേഹത്തെ (ജിയെ) ബഹുമാനിക്കുമായിരുന്നു.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.